LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 57359.14 ഏക്കർ പാട്ട ഭൂമി ഉള്ളതായി കാണുന്നു.

(ബി) ഉണ്ട്.

(സി & ഡി) 1971-ന് മുമ്പ് പാട്ട വ്യവസ്ഥ ലംഘിച്ച് KDHP കമ്പനി കൈമാറ്റം നടത്തിയ ഭൂമി 1971-ലെ KDH നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്. 1971-ന് മുമ്പായി കണ്ണൻദേവൻ കമ്പനി മതസംഘടനകൾ, വ്യക്തികൾ, എസ്റ്റേറ്റുകൾ, സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവർക്ക് തീറായും ഗിഫ്റ്റായും ലീസായും 7171.31.400 ഏക്കർ ഭൂമിയും 1976-ന് ശേഷം ടാറ്റാ ടീ കമ്പനി 24.295 ഏക്കർ ഭൂമിയും കൈമാറ്റം നടത്തിയിട്ടുണ്ട്. ടാറ്റാ ടീ കമ്പനിയുടെ കൈവശത്തിലിരിക്കുന്ന ഭൂമിയുടെ രേഖകൾ വ്യാജമാണെന്നും, ആയതിനാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കേണ്ടതാണെന്നുമുള്ള നിലപാടാണ് സർക്കാർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ എടുത്തിട്ടുള്ളത്.

നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തൽ

166(3046) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ വേങ്ങേരി, ചേവായൂർ, കോട്ടൂളി, നെല്ലിക്കോട് വില്ലേജുകളിലെ നെൽവയലുകളും, തണ്ണീർത്തടങ്ങളും നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത വില്ലേജുകളിൽ തണ്ണീർത്തടങ്ങളും, നെൽവയലുകളും സംരക്ഷിക്കുന്നതിനായി വില്ലേജ് ഓഫീസർമാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം കേസുകളിൽ ബന്ധപ്പെട്ട് വില്ലേജ് ഓഫീസർമാർ ഭൂ ഉടമകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) അനധികൃത തരംമാറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ഭൂ ഉടമകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള തുടർ നടപടികൾക്കായി വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.